# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2328 — 18.06.2014 ൽ മറുപടിക്ക്

## കടുത്തുരുത്തി പി.എച്ച്.സി.-സി.എച്ച്.സി. ആക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കടുത്തുരുത്തി പി.എച്ച്.സി.-സി.എച്ച്.സി. ആക്കുന്നതിലുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | കടുത്തുരുത്തി പി.എച്ച്.സി. സ്ഥിതി ചെയ്യുന്ന കടുത്തുരുത്തി ബ്ലോക്കിൽ തലയോലപ്പറമ്പ് സി.എച്ച്.സി യും അറുനൂറ്റിമംഗലം സി.എച്ച്.സി യും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രസ്തുത ആശുപത്രി ശരാശരി 100-ൽ താഴെ ഒ.പി മാത്രമുള്ള ഒരു പി.എച്ച്.സി യാണ്. |
| (ബി) | ഇതു സംബന്ധിച്ച് 11175/എച്ച്.ആന്റ്.എഫ്.ഡബ്ല്യു/ 2013 എന്ന ഫയലിന്റെ തുടർനടപടികൾ വ്യക്തമാക്കാമോ ; | (ബി) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറുപ്പന്തറ, കടുത്തുരുത്തി പി.എച്ച്.സി കളെ സി.എച്ച്.സി കളായി വികസിപ്പിക്കുന്നതു സംബന്ധിച്ച നിവേദനമാണ് പ്രസ്തുത ഫയലിലുള്ളത്. ഇക്കാര്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് പി.എച്ച്.സികൾ സി.എച്ച്.സി.ആക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; 2014-15 സാമ്പത്തികവർഷം ഏതെല്ലാം പി.എച്ച്.സി.കൾ ആണ് സി.എച്ച്.സി.കൾ ആയി ഉയർത്താൻ ഉദ്ദേശിക്കുന്നത്? | (സി) | ആരോഗ്യ സ്ഥാപനങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്യുവാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(എം.എസ്) നം.568/08/ആകുവ തീയതി 06/11/2008 പ്രകാരം എല്ലാ സി.ഡി. ബ്ലോക്കുകളിലും ഒരു സി.എച്ച്.സി ആവശ്യമാണ്. ഇതിനായി സി.എച്ച്.സി ഇല്ലാത്ത ബ്ലോക്കുകളിൽ നിലവിലുള്ള ബ്ലോക്ക് പി.എച്ച്.സി യെയോ ഗവൺമെന്റ് ആശുപത്രിയെയോ ആണ് സി.എച്ച്.സി ആയി ഉയർത്തേണ്ടത്. വാകത്താനം പി.എച്ച്.സി യെ 2014-15 സാമ്പത്തിക വർഷം സി.എച്ച്.സി ആയി ഉയർത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ